**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1662** **20-06-2024 - ൽ മറുപടിയ്ക്ക്**

**മഴക്കാല പച്ചക്കറി കൃഷി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ. എം. സച്ചിൻദേവ്** | | **ശ്രീ. പി. പ്രസാദ്**<br>**(കൃഷി വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് മഴക്കാല പച്ചക്കറി കൃഷി പ്രോൽസാഹിപ്പിക്കുന്നതിനായി സ്വീകരിച്ച് വരുന്ന നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ; | (എ) | 2024-25 സാമ്പത്തിക വർഷത്തിൽ സംസ്ഥാനത്ത് പച്ചക്കറി ഉല്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കുന്നതിനായി കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് **"പച്ചക്കറി വികസന പദ്ധതി"** ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. പ്രസ്തുത പദ്ധതിയുടെ ഒരു മുഖ്യഘടകമാണ് മഴമറയിലെ പച്ചക്കറി കൃഷി. മഴക്കാലത്ത് വിളകളെ സംരക്ഷിച്ച് പച്ചക്കറി കൃഷിചെയ്യുന്നതിനായി മഴമറയിലെ കൃഷി കർഷകർക്ക് ഏറെ സഹായകരമാണ്. മഴമറ കൃഷിരീതിയിലൂടെ വർഷത്തിലുടനീളം പച്ചക്കറി കൃഷി സാധ്യമാക്കുന്നതിനും ഉത്പാദനം വർദ്ധിപ്പിക്കുന്നതിനും സഹായകമാകുന്നു. മഴമറകൾ സ്ഥാപിക്കുന്നതിനായി 100 സ്ക്വയർ മീറ്റർ ഉള്ള ഒരു മഴമറയ്ക്ക് പരമാവധി 50,000/- രൂപ നിരക്കിൽ ധനസഹായം നൽകി വരുന്നു. മഴമറയിലിലെ കൃഷിയിലൂടെ സുരക്ഷിത പച്ചക്കറികൾ വീട്ടിൽ തന്നെ ഉല്പാദിപ്പിക്കുന്നതിന് സാധ്യമാകുന്നു. |
| (ബി) | 2023-24 വർഷത്തിൽ കോഴിക്കോട് ജില്ലയിൽ എത്ര മഴ മറകളാണ് മഴക്കാല പച്ചക്കറി കൃഷിക്കു വേണ്ടി അനുവദിച്ചിട്ടുള്ളത് എന്നതിന്റെ വിശദാംശം ബ്ലോക്ക് തിരിച്ച് ലഭ്യമാക്കാമോ? | (ബി) | 2023-24 വർഷത്തിൽ കോഴിക്കോട് ജില്ലയിൽ മഴക്കാല പച്ചക്കറി കൃഷിക്കുവേണ്ടി സ്ഥാപിച്ച മഴമറകളുടെ എണ്ണം ബ്ലോക്ക് തിരിച്ച് വിവരം ചുവടെ ചേർക്കുന്നു. |

| **ക്രമ നം.** | **ബ്ലോക്കിന്റെ പേര്** | **സ്ഥാപിച്ച മഴമറ (എണ്ണം)** |
|---|---|---|
| 1 | ബാലുശ്ശേരി | 2 |
| 2 | കാക്കൂർ | 2 |
| 3 | കൊടുവള്ളി | 9 |
| 4 | കൊയിലാണ്ടി | 8 |
| 5 | കോഴിക്കോട് | 4 |
| 6 | കുന്ദമംഗലം | 5 |
| 7 | കുന്നുമ്മൽ | 1 |
| 8 | പേരാമ്പ്ര | 1 |
| 9 | തിക്കോടി | 6 |

| | | |
|---|---|---|
| 10 | തോടന്നൂർ | 1 |
| 11 | തൂണേരി | 1 |
| 12 | വടകര | 5 |
| **ആകെ** | | **45** |

സെക്ഷൻ ഓഫീസർ